പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 566** | **7.7.2014-ന് മറുപടിക്ക്**

## ബേസിക് സർവ്വീസ് ടു അർബൻ പുവർ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എസ്. സുനിൽ കുമാർ<br>,, പി. തിലോത്തമൻ<br>'' ചിറ്റയം ഗോപകുമാർ<br>'' ജി.എസ്. ജയലാൽ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) ബേസിക് സർവ്വീസ് ടു അർബൻ പുവർ വിഭാഗത്തിൽ ഉൾപ്പെടുത്തി എന്തെല്ലാം പദ്ധതി കളാണ് നടപ്പാക്കി വരുന്നത്; പ്രസ്തുത പദ്ധതികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ ; | എ) മഹാനഗരങ്ങളിലെ ചേരികളിൽ താമസിക്കുന്ന പാവപ്പെട്ടവർക്ക് അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന പദ്ധതിയാണ് ബി.എസ്.യു.പി. ഭവനനിർമ്മാണത്തിനു പുറമേ ചേരികളിലും മറ്റും റോഡുകൾ അടക്കമുള്ള യാത്രാസൗകര്യങ്ങൾ, ജലവിതരണം, ഓടനിർമ്മാണം, സ്വിവറേജ്, തെരുവ് വിളക്കുകൾ, ആരോഗ്യസംരക്ഷണം, ഖരമാലിന്യ നിർമ്മാർജ്ജനം, അംഗൻവാടികൾ, വിനോദസൗകര്യങ്ങൾ എന്നീ പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ പദ്ധതിയുടെ ആകെ തുക 343.67 കോടി രൂപയാണ്. ഇതിൽ 217.26 കോടി രൂപ ഇതിനകം ചെലവഴിച്ചു. പദ്ധതി പ്രകാരം 22257 വീടുകൾ അനുവദിച്ചതിൽ 14479 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. 1320 വീടുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ അനുവദിച്ചതിൽ 697 എണ്ണം പൂർത്തീകരിച്ചു. |
| ബി) കമ്മ്യൂണിറ്റി ഇൻഫ്രാ സ്ട്രക്ച്ചർ ഫണ്ട് ഉപയോഗിച്ചുള്ള ചേരികളുടെ അടി സ്ഥാന സൗകര്യ വികസന പദ്ധതി ക്കുവേണ്ടി എന്തു തുക വകയിരുത്തി; ഇതിൽ എന്തുതുക ചെലവഴിച്ചു; പ്രസ്തുത പദ്ധതിയുടെ പുരോഗതി വിലയിരുത്തുമോ ; | ബി) കമ്മ്യൂണിറ്റി ഇൻഫ്രാ സ്ട്രക്ച്ചർ ഫണ്ട് ഉപയോഗിച്ചുള്ള ചേരികളുടെ അടി സ്ഥാന സൗകര്യ വികസന പദ്ധതിക്കു വേണ്ടി 77.03 കോടി രൂപയുടെ പദ്ധതികളാണ് ഏറ്റെടുത്തിട്ടുള്ളത്. ഇതിൽ 55.34 കോടി രൂപ ഇതിനകം ചെലവഴിച്ചു.<br>പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്. |
| സി) നികുതി പിരിവ് ഊർജ്ജിതമാക്കുന്ന തിന് തയ്യാറാക്കിയ ടാക്സ് മാപ്പിംഗ് സംവിധാ നത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് അറിയി ക്കുമോ ? | സി) കരാറുകാരുടെ അനാസ്ഥമൂലം പദ്ധതി പൂർത്തീകരിക്കുവാൻ കഴിയാത്തതിനാൽ ടി പദ്ധതി റദ്ദാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ